II ഇ.ബി.XIV-കേരള നിയമസഭ/X-8

**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2018 മാർച്ച് 9, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

19 (*211) ഇറച്ചിക്കോഴി ഉല്പന്നങ്ങളുടെ ഇറക്കുമതി

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു) നൽകിയ മറുപടിയിൽ, കോഴിയിറച്ചിയുടെ ആഭ്യന്തര ഉത്പാദനം, വിപണനം, വിലനിയന്ത്രണം, ഗുണമേന്മ എന്നിവ ലക്ഷ്യമിട്ട് മൃഗസംരക്ഷണ വകുപ്പ് കുടുംബശ്രീ, കെപ്കോ എന്നീ ഏജൻസികളുടെ സഹകരണത്തോടെ ഇറച്ചിക്കോഴി വളർത്തൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ടെന്നും കോഴികൾ വിപണന പ്രായമെത്തുമ്പോൾ കിലോഗ്രാമിന് 85/- രൂപ നിരക്കിൽ കെപ്കോ മുഖേന വാങ്ങി വിപണനം നടത്താൻ ധാരണയായിട്ടുണ്ടെന്നും കോഴി കർഷകരെ സഹായിക്കാനായി 'കേരള ചിക്കൻ' എന്നൊരു വിപുലമായ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടെന്നും തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ 1000

കോഴികൾ വീതമുള്ള 20 യൂണിറ്റുകൾ പൈലറ്റ് പ്രോജക്ടായി നടപ്പിലാക്കിയിട്ടുണ്ടെന്നും ഘട്ടംഘട്ടമായി സംസ്ഥാനത്തൊട്ടാകെ 5000 യൂണിറ്റുകൾ ആരംഭിക്കാനാണ് ലക്ഷ്യമിടുന്നതെന്നും സഭയെ അറിയിച്ചു. തെരഞ്ഞെടുക്കപ്പെട്ട യൂണിറ്റുകൾക്ക് കോഴി വളർത്തലിൽ പരിശീലനം സംഘടിപ്പിക്കുകയും ഒരു യൂണിറ്റിന് ഒരു ലക്ഷം രൂപയുടെ വായ്പ 4 ശതമാനം പലിശയ്ക്ക് കുടുംബശ്രീ മിഷൻ വഴി അനുവദിക്കുകയും ചെയ്യും. കോഴിയിറച്ചിയുടെ ആഭ്യന്തര ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ പുതിയ പ്രോസസിംഗ് പ്ലാന്റ്, ഹാച്ചറികൾ, ഇറച്ചിക്കോഴി വളർത്തൽ കേന്ദ്രങ്ങൾ, ഫാമുകളുടെ നവീകരണം എന്നിവയും 'ആശ്രയ', 'കോഴിവളർത്തൽ ഗ്രാമം', 'വനിതാ മിത്രം', 'കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ്' തുടങ്ങിയ പദ്ധതികളും കെപ്കോ ആവിഷ്കരിച്ചിട്ടുണ്ട്. ഇറക്കുമതി ചെയ്യുന്ന കോഴിയിറച്ചി വിപണിയിൽ എത്തുന്നതിനുമുൻപ് സാങ്കേതിക വിദഗ്ദ്ധർ ഉൾപ്പെടുന്ന ഒരു കമ്മിറ്റി റിസ്ക് അനാലിസിസ് നടത്തുന്നതാണ്. എം.പി.ഐ., കെപ്കോ എന്നിവ വഴി ഇറച്ചിക്കോഴി വിപണനം നടത്തുന്നതിനും ഗുണമേന്മയുള്ള കോഴിത്തീറ്റ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

20 (*212) <u>സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി</u>

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) നൽകിയ മറുപടിയിൽ, ആർ.എസ്.ബി.വൈ./ചിസ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിലൂടെ തെരഞ്ഞെടുക്കപ്പെട്ട സർക്കാർ/സ്വകാര്യ ആശുപത്രികളിൽ നിന്നും ഒരു കുടുംബത്തിന് ഒരു വർഷം 30,000 രൂപയുടെ സൗജന്യ കിടത്തി ചികിത്സ ലഭിക്കുന്നതാണെന്നും 2017 ഏപ്രിൽ 1 മുതൽ ഈ പദ്ധതിയിൽ അംഗമായിട്ടുള്ള 60 വയസ്സിനും അതിനുമുകളിൽ പ്രായമുള്ള ഓരോ മുതിർന്ന വ്യക്തിക്കും 30,000/- രൂപയുടെ അധിക സൗജന്യ ചികിത്സ ലഭിക്കുന്ന എസ്.ചിസ് (സീനിയർ സിറ്റിസൺസ് ഹെൽത്ത് ഇൻഷ്വറൻസ് സ്കീം) പദ്ധതി നടപ്പാക്കിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള 43 ശതമാനം കുടുംബങ്ങൾക്ക് ഇതിനകം 1709.83 കോടി രൂപയുടെ ചികിത്സാ ആനുകൂല്യം നൽകാൻ സാധിച്ചിട്ടുണ്ട്. ചിസ് പ്ലസ് പദ്ധതി പ്രകാരം ക്യാൻസർ, ഹൃദ്രോഗം, വൃക്ക സംബന്ധമായ അസുഖങ്ങൾ, കരൾ, തലച്ചോർ എന്നിവയെ ബാധിക്കുന്ന രോഗങ്ങൾ, അപകടംമൂലമുള്ള ട്രോമാകെയർ എന്നിവയ്ക്ക് 70,000/- രൂപയുടെ അധിക ചികിത്സാ സഹായം നൽകി വരുന്നുണ്ട്. ദാരിദ്ര്യ രേഖയ്ക്ക് തൊട്ടുമുകളിലുള്ളതും ഉയർന്ന ചികിത്സാ ചെലവ് താങ്ങാൻ കഴിയാത്തതുമായ നിർദ്ധന കുടുംബങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള കുടുംബങ്ങൾക്കെല്ലാം അംഗത്വ കാർഡ് നൽകുന്നതിനുള്ള

നടപടി തുടർന്നു വരികയാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ കാർഡ് പുതുക്കി നൽകുന്നതിനും നഷ്ടപ്പെട്ടുപോയവർക്ക് പുതിയ കാർഡ് ലഭ്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതാണ്. ആശുപത്രികൾക്ക് സമയബന്ധിതമായി ചികിത്സാ ചെലവ് ലഭ്യമാക്കുന്നത് സംബന്ധിച്ചുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതാണ്. കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.എസ്.ബി.വൈ.-ൽ 8 വിഭാഗങ്ങളാണ് ഉള്ളതെന്നും സംസ്ഥാന സർക്കാർ പ്രത്യേക ആനുകൂല്യങ്ങൾ കൂട്ടിച്ചേർത്ത് 54 വിഭാഗങ്ങളെ ഇപ്പോൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും എല്ലാ ജനവിഭാഗങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള സമ്പൂർണ്ണ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

21 (*213) <u>പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസ സൗകര്യങ്ങൾ</u>

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) നൽകിയ മറുപടിയിൽ, പട്ടികവർഗ്ഗക്കാരുടെ സാമ്പത്തിക, സാമൂഹിക ദുർബലാവസ്ഥ പരിഹരിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് മികച്ച വിദ്യാഭ്യാസ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ വിവിധയിനം സ്കോളർഷിപ്പുകൾ, ഗ്രാന്റുകൾ എന്നിവ നടപ്പാക്കി ഈ വിഭാഗത്തിൽപ്പെട്ടവരെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുക എന്ന

ലക്ഷ്യം കൈവരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും സഭയെ അറിയിച്ചു. ഇതിന്റെ ഭാഗമായി 20 മോഡൽ റസിഡൻഷ്യൽ സ്കൂളുകളും 106 പ്രീമെട്രിക് ഹോസ്റ്റലുകളും 4 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും പ്രവർത്തിച്ചുവരുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സംസ്ഥാനത്തിന് പുറത്തും വിദേശത്തും പഠിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നുണ്ട്. സ്കൂളുകളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കും ഭാഷാപ്രശ്നവും പരിഹരിക്കുന്നതിന് 'ഗോത്രബന്ധു' പദ്ധതി ആവിഷ്കരിക്കുകയും പട്ടികവർഗ്ഗത്തിൽപ്പെട്ട റ്റി.റ്റി.സി./ബി.എഡ് പാസ്സായവരെയും ഗോത്രഭാഷ അറിയാവുന്നവരെയും ടീച്ചർമാരായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനും മികച്ച രീതിയിലുള്ള ട്യൂഷൻ നൽകുന്നതിനുമായി സാമൂഹിക പഠനമുറികൾ ആരംഭിച്ചിട്ടുണ്ട്. ഒറ്റപ്പെട്ട ഊരുകളിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്ക് യാത്രാസൗകര്യം ഒരുക്കുന്നതിനായി 'ഗോത്രസാരഥി' പദ്ധതി, വിദ്യാർത്ഥികളുടെ കായിക ശേഷി വർദ്ധിപ്പിക്കുന്നതിന് 'കളിക്കളം' പദ്ധതി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. മോഡൽ റെസിഡൻഷ്യൽ സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനാവശ്യമായ വികസന പദ്ധതികൾ നടപ്പിലാക്കി വരികയാണെന്നും അഭ്യസ്തവിദ്യരായ ആളുകൾക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും വിദ്യാഭ്യാസ

ആനുകൂല്യങ്ങൾ സമയബന്ധിതമായി ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് എത്തിക്കുന്നതിനുള്ള പദ്ധതി വിജയകരമായി നടപ്പാക്കാൻ സാധിച്ചിട്ടുണ്ടെന്നും ഹോസ്റ്റലുകളിൽ കുട്ടികൾക്കനുയോജ്യമായ ഭക്ഷണം വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. പട്ടികവർഗ്ഗ വകുപ്പുമായി ചേർന്ന് അട്ടപ്പാടി മേഖലയിൽ ആദിവാസികളുടെ പരമ്പരാഗത ഭക്ഷ്യധാന്യങ്ങളുടെ കൃഷി 'മില്ലറ്റ്' വില്ലേജ് പദ്ധതി എന്ന പേരിൽ ആരംഭിച്ചിട്ടുണ്ടെന്ന് ഒരു ഉപചോദ്യത്തിലിടപെട്ടുകൊണ്ട് കൃഷി വകുപ്പുമന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2186 മുതൽ 2500 വരെയുള്ള ചോദ്യങ്ങളിൽ 236 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)